അനുബന്ധം 2

19-2-2016-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

ഗ്രീൻ ബിൽഡിംഗ് പോളിസി

1 (*241) ശ്രീ. എം. എ. വാഹീദ് :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗ്രീൻ ബിൽഡിംഗ് പോളിസി നടപ്പാക്കുന്നതിന് കർമ്മപദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്):

(എ & ബി) ഉണ്ട്; വർദ്ധിച്ചുവരുന്ന ഊർജ്ജോപഭോഗം, ജല ദൗർലഭ്യം, നിർമ്മാണ സാമഗ്രികളുടെ അപര്യാപ്തത, കാലാവസ്ഥാ വ്യതിയാനംമൂലമുണ്ടാകുന്ന പ്രശ്നങ്ങൾ എന്നിവയ്ക്ക് ഒരു പരിധിവരെ പരിഹാരം കണ്ടെത്തുന്നതിന് വേണ്ടിയാണ് ഹരിത നിർമ്മാണ നയത്തിന് രൂപം നൽകിയിട്ടുള്ളത്. ഹരിത നിർമ്മാണ സാങ്കേതികവിദ്യ അനുവർത്തിക്കുന്നതിലൂടെ, പരമ്പരാഗത നിർമ്മിതികളെ അപേക്ഷിച്ച് 40% മുതൽ 60% വരെ വൈദ്യുതിയുടെ ഉപഭോഗവും, 40% മുതൽ 80% വരെ ജലോപഭോഗവും കുറയ്ക്കാൻ ലക്ഷ്യമിടുന്നു. സൗരോർജ്ജ പാനലുകൾ, മറ്റ് പരമ്പര്യേതര ഊർജ്ജസ്രോതസ്സുകൾ എന്നിവയിൽ നിന്ന് സ്വന്തമായി ഊർജ്ജോൽപ്പാദനം നടത്തുന്നതുവഴി ഉപഭോഗ ചെലവ് കുറയ്ക്കുക, കാര്യക്ഷമമായ മാലിന്യ നിർമ്മാർജ്ജന രീതികൾ അവലംബിക്കുന്നത് വഴി പരിസര മലിനീകരണം പരമാവധി കുറയ്ക്കുക, നിർമ്മാണവേളയിലും ഉപഭോഗവേളയിലും അന്തരീക്ഷ, ജല, പരിസര മലിനീകരണം എന്നിവ കുറയ്ക്കുക, ആരോഗ്യരംഗത്തും ശുചീകരണരംഗത്തും തൊഴിലാളികളുടെയും വസിക്കുന്നവരുടെയും സുരക്ഷ പരമാവധി ഉറപ്പ് വരുത്തുക എന്നിവയാണ് പ്രസ്തുത നിർമ്മാണ ശൈലിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ. ഫലപ്രദമായ

LIBRARY ARCHIVES Kerala Legislative Assembly

മാലിന്യ നിർമ്മാർജ്ജന രീതികൾ അവലംബിക്കുന്നതുവഴിയും വിഭവങ്ങളുടെ ഉപഭോഗം കുറയ്ക്കുന്നതുവഴിയും അന്തരീക്ഷ, ജല മലിനീകരണങ്ങൾക്ക് ഒരു പരിധി വരെ തടയിടാനും, അതുവഴി മെച്ചപ്പെട്ട ഒരു ജീവിത സാഹചര്യം സൃഷ്ടിക്കുവാനും ഹരിത നിർമ്മിതികൾ സഹായിക്കുന്നു. ഇതുവഴി പരിസ്ഥിതിക്കുണ്ടാകുന്ന ആഘാതം ലഘൂകരിക്കാൻ കഴിയുന്നതാണ്. ആരോഗ്യ രംഗത്തും, സാമ്പത്തിക രംഗത്തും പ്രവർത്തന മേഖലയിലുമെല്ലാം ഈ നേട്ടങ്ങൾ പ്രതിഫലിക്കുന്നതാണ്.

(സി) പൊതുമരാമത്ത് വകുപ്പ് 2014 മാർച്ച് മുതൽ തയ്യാറാക്കുന്ന എല്ലാ രൂപകല്പനകളും ഹരിത നിർമ്മാണ തത്വങ്ങൾക്കനുസൃതമായാണ് ചെയ്യുന്നത്. അതനുസരിച്ച് ഗ്രഹയുടെ (GRIHA-Green Rating of Integrated Habitat Assessment) 3 സ്റ്റാർ പദവി ലഭ്യമാകുന്ന രീതിയിലാണ് കെട്ടിടങ്ങൾ രൂപകല്പന ചെയ്യുന്നത്. ജീവനക്കാർക്കുള്ള ക്വാർട്ടേഴ്സുകളുടെ ടൈപ്പ് ഡിസൈനും ഹരിത നിർമ്മാണ തത്വങ്ങൾക്കനുസൃതമായാണ് ചെയ്തിട്ടുള്ളത്. പൊതുമരാമത്ത് വകുപ്പിലെ എല്ലാ എഞ്ചിനീയർമാർക്കുമായി തിരുവല്ല, എറണാകുളം, തൃശ്ശൂർ, കോഴിക്കോട് എന്നീ സ്ഥലങ്ങളിൽവച്ച് ബോധവൽക്കരണ ക്ലാസ്സുകൾ നടത്തിയിട്ടുണ്ട്. കൂടാതെ തദ്ദേശസ്വയംഭരണ വകുപ്പിലേയും, കേരള ഇലക്ട്രിസിറ്റി ബോർഡിലേയും എഞ്ചിനീയർമാരെയും, സ്വകാര്യ ആർക്കിടെക്ടുകളെയും ഉൾപ്പെടുത്തി ഹരിത നിർമ്മാണത്തെപ്പറ്റി ഡൽഹിയിൽ നിന്നുള്ള ഗ്രഹയുടെ സാങ്കേതിക വിദഗ്ധരുടെ മേൽനോട്ടത്തിൽ ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

ആനുവൽ സ്റ്റാറ്റസ് ഓഫ് എജ്യുക്കേഷൻ റിപ്പോർട്ട് 2014

2 (*243) <u>ശ്രീമതി കെ. എസ്. സലീഖ</u> :
<u>പ്രൊഫ. സി.രവീന്ദ്രനാഥ്</u> :
<u>ശ്രീ. ജെയിംസ് മാത്യു</u> :
<u>ശ്രീ. ബി. സത്യൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിരക്ഷരരുടെ എണ്ണം വർദ്ധിച്ചുവരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുമായി ബന്ധപ്പെട്ട് 2016 ജനുവരി 14-ന് പുറത്തിറക്കിയ ആനുവൽ സ്റ്റാറ്റസ് ഓഫ് എജ്യുക്കേഷൻ റിപ്പോർട്ട് 2014 ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അതിൻപ്രകാരം പ്രാഥമിക വിദ്യാഭ്യാസ മേഖലയിലെ വിദ്യാർത്ഥികൾക്ക് വേണ്ടത്ര അടിസ്ഥാന അറിവ് ഇല്ലെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly